©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2018 നവംബർ 5<br>5th November 2018<br>1194 തുലാം 19<br>19th Thulam 1194<br>1940 കാർത്തികം 14<br>14th Karthika 1940 | നമ്പർ<br>No. 2723 |


## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ഇ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 23475/ലെഗ്.ഇ1/2018/നിയമം.

*തിരുവനന്തപുരം, 2018 നവംബർ 5*
*1194 തുലാം 19*
*1940 കാർത്തികം 14.*

2018 നവംബർ 5-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമവകുപ്പ് സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/4065/2018/S-23.

## 2018-ലെ 56-ാം നമ്പർ ഓർഡിനൻസ്

# 2018-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

2011-ലെ കേരള പോലീസ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2011-ലെ കേരള പോലീസ് ആക്റ്റ് (2011-ലെ 8) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2018-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2011-ലെ 8-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ 2011-ലെ കേരള പോലീസ് ആക്റ്റിന് (2011-ലെ 8) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്കും 4-ാം വകുപ്പിലെ പ്രത്യേക വ്യവസ്ഥകൾക്കും വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 112-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 112-ാം വകുപ്പ് (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) സംസ്ഥാന അതോറിറ്റിയുടെ ചെയർപേഴ്സണോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അംഗത്തിനോ അംഗങ്ങൾക്കോ, അതതു സംഗതിപോലെ, അപ്രകാരമുള്ള അതോറിറ്റിയുടെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേക്കായി, അപ്രകാരമുള്ള അതോറിറ്റി മുൻപാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൻമേൽ ഒറ്റയ്ക്കോ കൂട്ടായോ തീരുമാനമെടുക്കാവുന്നതാണ്.

(6) ജില്ലാ അതോറിറ്റിയുടെ ചെയർപേഴ്സണോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അംഗത്തിനോ അംഗങ്ങൾക്കോ, അതതു സംഗതിപോലെ, അപ്രകാരമുള്ള അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ ഒറ്റയ്ക്കോ കൂട്ടായോ തീരുമാനമെടുക്കാവുന്നതാണ്.".

4. തീർപ്പാകാതെ നിലവിലിരിക്കുന്ന ചില അപേക്ഷകളെ സംബന്ധിച്ചും മറ്റു ചില സംഗതികളെ സംബന്ധിച്ചും ഉള്ള പ്രത്യേക വ്യവസ്ഥ.—പ്രധാന ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന അതോറിറ്റിയുടെയോ ജില്ലാ അതോറിറ്റിയുടെയോ മുമ്പാകെ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ സമർപ്പിച്ചിട്ടുള്ളതും, തീർപ്പാകാതെ നിലവിലിരിക്കുന്നതുമായ എല്ലാ അപേക്ഷകളെ സംബന്ധിച്ചും ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിനനുസൃതമായി പ്രസ്തുത അതോറിറ്റികൾ വീണ്ടും തീർപ്പാക്കേണ്ടതായ ഏതെങ്കിലും സംഗതികളെ സംബന്ധിച്ചും 112-ാം വകുപ്പ് (5)-ഉം (6)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

പി. സദാശിവം,

*ഗവർണ്ണർ.*

GOVERNMENT OF KERALA

**Law (Legislation-E) Department**

NOTIFICATION

No. 23475/Leg.E1/2018/Law.

*Dated, Thiruvananthapuram, 5th November, 2018 / 19th Thulam, 1194 / 14th Karthika, 1940.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Police (Amendment) Ordinance, 2018 (56 of 2018).

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

[Translation in English of "2018-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 56 OF 2018

THE KERALA POLICE (AMENDMENT) ORDINANCE, 2018

Promulgated by the Governor of Kerala in the Sixty-ninth Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Police Act, 2011.*

*Preamble.*—WHEREAS, it is expedient further to amend the Kerala Police Act, 2011 (8 of 2011) for the purposes hereinafter appearing;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213, of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Police (Amendment) Ordinance, 2018.

(2) It shall come into force at once.

2. *Act 8 of 2011 to be temporarily amended.*—During the period of operation of this Ordinance, the Kerala Police Act, 2011 (8 of 2011) (hereinafter referred to as the principal Act) shall have effect subject to the amendments specified in section 3 and the special provision under section 4.

3. *Amendment of section 112.*—After sub-section (4) of section 112 of the principal Act, the following sub-sections shall be inserted, namely:—

"(5) The Chairperson of the State Authority or any Member or Members authorized by him, as the case may be, may, for the purpose of performing the functions of such Authority efficiently, take an independent or joint decision on the applications filed before Authority.

(6) The Chairperson of the District Authority or any Member or Members authorized by him, as the case may be, may take independent or joint decision on the applications filed before such Authority.".

4. *Special provision in respect of some pending applications and certain other matters.*—Notwithstanding anything contained in the principal Act or rules made thereunder or in any judgment or decree or order of any Court, the provisions of sub-sections (5) and (6) of section 112 shall apply to all applications filed from the date of commencement of the principal Act as amended by this Ordinance and are pending disposal before the State Authority or the District Authority and to all matters which are to be decided, by such Authorities, further in pursuance of the judgment of any Court.

P. SATHASIVAM,

*GOVERNOR.*